**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 707** **28-01-2026 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി നിയോജക മണ്ഡലത്തിലെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | 2021 മെയ് മാസം മുതൽ നാളിതുവരെയായി കുറ്റ്യാടി നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും പ്രവൃത്തിയുടെ പേരും അടങ്കൽ തുക സഹിതം വ്യക്തമാക്കാമോ; | (എ) | **കെ.എസ്.ഇ.ബി.എൽ.**<br><br>കുറ്റ്യാടി നിയോജക മണ്ഡലത്തിൽ സൗര ഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി 1,75,00,000/- രൂപ ചെലവിൽ 108.78 kW സ്ഥാപിത ശേഷിയിൽ 26 പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>കൂടാതെ ടി നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന 1,67,340/- രൂപ ചെലവിൽ 6 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>കുറ്റ്യാടി മണ്ഡലത്തിലെ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിനായി വിതരണ വിഭാഗത്തിൽ മെയ് 2021 മുതൽ നാളിതു വരെ താഴെ പറയുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് .<br><br>1. 11 കെ വി ലൈൻ നിർമ്മിക്കൽ - 8.65 കിലോമീറ്റർ - 1.9 കോടി<br>2. 100 KVA ട്രാൻസ്ഫോർമർ സ്ഥാപിക്കൽ – 32 എണ്ണം - 88.65 ലക്ഷം<br>3. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ ആക്കി മാറ്റൽ – 46കിലോമീറ്റർ - 2.94 കോടി<br>4. 11 കെ വി ലൈൻ റീ കണ്ടക്ടറിങ്ങ് - 8.59 കിലോമീറ്റർ – 60ലക്ഷം<br>5. 160 KVA ട്രാൻസ്ഫോർമർ സ്ഥാപിക്കൽ – 4 എണ്ണം – 11.47 ലക്ഷം<br>6. 100 KVA ട്രാൻസ്ഫോർമർ 160 KVA ശേഷി വർദ്ധിപ്പിക്കൽ - 13 എണ്ണം - 63 ലക്ഷം<br>7. എൽ ടി ലൈൻ കൺസ്ട്രക്ഷൻ - 15 കിലോ മീറ്റർ - 3 കോടി<br>8. എൽ ടി കണ്ടക്ടർ മാറ്റൽ - 25 കിലോ മീറ്റർ - 1.7 കോടി<br><br>വടകര സബ്സ്റ്റേഷനിൽ നിന്നും വില്യാപള്ളിയിലേക്കും തിരുവള്ളൂർ സബ്സ്റ്റേഷനിൽ നിന്നും തച്ചോളി പീടികയിലേക്കും രണ്ട് പുതിയ 11 കെ വി ഫീഡറുകൾ ചാർജ് ചെയ്തിട്ടുണ്ട്. കുറ്റ്യാടി സബ്സ്റ്റേഷനിൽ നിന്നും 3.4 കിലോമീറ്റർ എ ബി കേബിൾ ഉപയോഗിച്ച് പുതിയ ഫീഡർ സ്ഥാപിച്ചു. കൂടാതെ RDSS Project ന്റെ ഭാഗമായി മണിയൂർ പഞ്ചായത്തിലെ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനായി 33 കെ.വി. മേലടി സബ്സ്റ്റേഷനിൽ നിന്നും 1.5 കി.മീ. 11 കെ.വി. യു ജി കേബിൾ വലിക്കുന്ന പ്രവൃത്തി അവസാന ഘട്ടത്തിലാണ്.<br><br>2021 മേയ് മാസം മുതൽ നാളിതു വരെയായി വൈദ്യുത വകുപ്പ് പ്രസരണ വിഭാഗത്തിൽ നടത്തിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br><br>1. കുറ്റ്യാടി 110 KV സബ്സ്റ്റേഷനിൽ നിന്നും കുറ്റ്യാടി ടൗണിലേക്ക് പുതിയ 11 കെവി ഫീഡർ ചാർജ് ചെയ്തു. |

2. ചാത്തങ്കോട്ടുനട ചെറുകിട വൈദ്യുതി നിലയത്തിൽ നിന്നും ഉള്ള വൈദ്യുതി വിതരണം ചെയ്യുന്നതിന്, ചാത്തങ്കോട്ടുനട മുതൽ കുറ്റ്യാടി സബ്സ്റ്റേഷൻ വരെ ഭൂഗർഭ കേബിൾ വലിക്കുകയും, 110/33 കെവി 16 MVA ട്രാൻസ്ഫോർമർ കുറ്റ്യാടി സബ്സ്റ്റേഷനിൽ സ്ഥാപിച്ച് മേൽപറഞ്ഞ ഭൂഗർഭ കേബിൾ വഴി ഗ്രിഡുമായി കണക്ട് ചെയ്യുകയും ചെയ്തു.
3. ചാത്തങ്കോട്ടുനട ചെറുകിട വൈദ്യുതി പദ്ധതിയിൽ നിന്നും രണ്ടു 11കെവി ഫീഡറുകൾ കരിങ്ങാട്, വട്ടിപ്പന ഭാഗത്തേക്ക് വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ വേണ്ടി സ്ഥാപിച്ചു.
4. കൂടാതെ തിരുവള്ളൂർ സബ്സ്റ്റേഷനിൽ നിലവിലുണ്ടായിരുന്ന രണ്ട് 33/11kV 5MVA ട്രാൻസ്ഫോർമറുകൾ 33/11kV 8MVA ആക്കി ശേഷി ഉയർത്തിയിട്ടുമുണ്ട്. ആകെ അടങ്കൽ തുക 2 കോടി.

**<u>അനെർട്ട്</u>**

2021 മെയ് മാസം മുതൽ നാളിതുവരെയായി കുറ്റ്യാടി നിയോജകമണ്ഡലത്തിൽ അനെർട്ട് മുഖേന 2 സ്ഥാപനങ്ങളിലായി ആകെ 50 കിലോ വാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Sl. No. | Site Name | PLANT CAPACITY AND TYPE | AMOUNT in Rs. | STATUS |
|---|---|---|---|---|
| 1 | Maniyur Grama Panchayath | 40 kWp On-Grid | 20,07,440/- | Completed |
| 2 | CHC Thiruvallur | 10 kWp Hybrid | 9,90,751/- | Completed |

**<u>എനർജി മാനേജ്മെന്റ് സെന്റർ</u>**

നവകേരളം കർമ്മ പദ്ധതി നെറ്റ് സീറോ കാർബൺ കേരളത്തിനായി കോഴിക്കോട് ജില്ലയിൽ തെരഞ്ഞെടുത്ത കുറ്റ്യാടി, കുന്നുമ്മൽ പഞ്ചായത്തുകളിലെ **40** അങ്കണവാടികളിൽ എനർജി മാനേജ്മെന്റ് സെന്റർ **(ഇ.എം.സി.)** അംഗൻജ്യോതി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി വൈദ്യുത ഇൻഡക്ഷൻ അടുപ്പ്, ഇൻഡക്ഷന് അനുയോജ്യമായ ആറ് തരം പാത്രങ്ങൾ എന്നിവ നൽകിയിരുന്നു. ഇതുവഴി ഓഫ് പീക്ക് സമയത്തെ വൈദ്യുതി പാചകം പ്രോത്സാഹിപ്പിക്കുവാനും എൽപിജി ഉപയോഗം കുറയ്ക്കുവാനും സാധിക്കുന്നതാണ്. **40** അങ്കണവാടികളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി **3,75,720/-** രൂപ ഇ.എം.സി. ചെലവാക്കിയിട്ടുണ്ട്.

(ബി) മേൽ പദ്ധതികൾ നടപ്പിലാക്കിയതിലൂടെ മണ്ഡലത്തിലെ ഏതൊക്കെ പ്രദേശത്ത്, എന്തൊക്കെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

(ബി) **<u>കെ.എസ്.ഇ.ബി.എൽ.</u>**

കുറ്റ്യാടി, ആയഞ്ചേരി, തിരുവള്ളൂർ, കക്കട്ടിൽ, മണിയൂർ എന്നീ പ്രദേശങ്ങളിലാണ് 26 പുരപ്പുറ സോളാർ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുള്ളത്. കൂടാതെ, പൊതുജനങ്ങൾക്ക് ഇലക്ട്രിക് വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനായി ആയ്യാൻചേരി, കക്കാട്ടിൽ ഇലക്ട്രിക് സെക്ഷൻ പരിധിയിൽ വരുന്ന അയ്യാൻചേരി, തീക്കുനി, അരൂർ, ചെറാപ്പുറം, കക്കാട് ടൗൺ മുതലായ സ്ഥലങ്ങളിലാണ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിരിക്കുന്നത്.

വിതരണ വിഭാഗത്തിൽ പൂർത്തീകരിച്ച പ്രവൃത്തികളിലൂടെ മണിയൂർ സെക്ഷനിലെ മുടപ്പിലായി, കോയക്കുട്ടി വയൽ, കുറുന്തോടി, മങ്കര, ഇല്ലത്ത് മുക്ക്, ഹോങ്കോങ്ങ് മുക്ക്, ഗുഹ മുക്ക്, ആയഞ്ചേരി സെക്ഷനിലെ കോട്ടപ്പള്ളി, നാരായണിക്കുന്ന്, പെരുമുണ്ടച്ചേരി, പെരുവഞ്ചേരി, നടേമ്മൽ, നമ്പംവയൽ, വളഞ്ഞിമുക്ക്, തിരുവള്ളൂർ സെക്ഷനിലെ കുമുളിമുക്ക് സായ്സ്ക്വയർ, പൂമരമുക്ക്, ചെമ്പോട്ട് പള്ളി, വടകര നോർത്ത് സെഷനിലെ

തച്ചോളി പീടിക, വളയലത്ത്, മഞ്ഞിരോളി, കരുവാരി താഴെ, വടകര സൗത്ത് സെക്ഷനിലെ ചെമ്മരത്തൂർ കുറ്റ്യാടി, കക്കട്ടിൽ, കുറ്റ്യാടി ടൗൺ നീലച്ചികുന്ന്, നരിക്കൂട്ടൻചാലിൽ തുടങ്ങിയ സ്ഥലങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനോടൊപ്പം വൈദ്യുതി ശൃംഖല വിപുലീകരിച്ച് വൈദ്യുതി വിതരണം മെച്ചപ്പെടുത്തിയിട്ടുണ്ട്.

പ്രസരണ വിഭാഗത്തിൽ പൂർത്തീകരിച്ച പദ്ധതികളുടെ നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

1. കുറ്റ്യാടി സബ്സ്റ്റേഷനിൽ നിന്നും പുതിയ 11 കെ.വി ഫീഡർ ചാർജ് ചെയ്തതിലൂടെ കുറ്റ്യാടി ടൗണിലും പരിസരപ്രദേശങ്ങളിലും വൈദ്യുതി ക്ഷാമം പരിഹരിക്കപ്പെട്ടു.
2. ചാത്തങ്കോട്ടുനടയിൽ നിന്നും രണ്ടു **11** കെവി ഫീഡറുകൾ ചാർജ് ചെയ്തതിന്റെ ഫലമായി കുണ്ടുതോട്, തൊട്ടിൽപ്പാലം, കരിങ്ങാട്, വട്ടിപ്പന പരിസര പ്രദേശങ്ങളിൽ വൈദ്യുതി ക്ഷാമത്തിന് പരിഹാരമുണ്ടായി.

**<u>അനെർട്ട്</u>**

40 കിലോവാട്ട് ഓൺഗ്രിഡ് പവർപ്ലാന്റ് നടപ്പിലാക്കിയതിലൂടെ മണിയൂർ പഞ്ചായത്തിന്റെ വൈദ്യുതി ഉപയോഗം കുറയ്ക്കുവാനും ഫിക്സഡ് ചാർജ്ജ് ആയ 5000/- രൂപയിലേക്ക് എത്തിക്കാനും സാധിച്ചു.

തിരുവള്ളൂർ ഹെൽത്ത് സെന്ററിൽ 10 കിലോവാട്ട് ഹൈബ്രിഡ് പവർ പ്ലാന്റ് സ്ഥാപിച്ചതിലൂടെ വൈദ്യുതി ഇല്ലാത്ത സമയങ്ങളിലും ക്രിട്ടിക്കൽ ലോഡ് പ്രവർത്തിപ്പിക്കുന്നതിനു സാധിക്കുന്നുണ്ട്.

**<u>എനർജി മാനേജ്മെന്റ് സെന്റർ</u>**

40 അങ്കണവാടികളിൽ എനർജി മാനേജ്മെന്റ് സെന്റർ മുഖേന നടപ്പിലാക്കിയ അംഗൻജ്യോതി പദ്ധതി വഴി കാർബൺ ലഘൂകരണം നടക്കുകയും, നെറ്റ് സീറോ കാർബൺ പ്രവർത്തനങ്ങൾക്ക് ഒരു ചുവടുവെയ്പ്പാവുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ